ൻ–൭–൫ ൦ മുതലും, ചിത്തിരപുരം ആശുപത്രിയിൽ ൨൯–൫–൫ ൦ മുതൽ ൧൩–൭–൫ ൦ വരെയും ഡാക്ടർ ഉണ്ടായിരുന്നില്ല.

സ്കൂളുകളുടെ എണ്ണം

൩൧. (൯) ശ്രീ. ഒക. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തെ ആകെയുള്ള സ്കൂളുകളുടെ എണ്ണം എത്രയെന്നും, അവയിൽ പ്രൈമറിസ്കൂൾ, മിഡിൽസ്കൂൾ, ഹൈസ്കൂൾ ഇവകൾ തിരുവിതാംകൂർ വിഭാഗത്തിൽ എത്ര വീതമെന്നും പറയുമോ;

(ബി) തിരുവിതാംകൂർ വിഭാഗത്തിലെ മാനേജുമെൻറ് സ്കൂളുകളുടെ എണ്ണം എത്രയെന്നു പറയുമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി മോവിന്ദമേനോൻ):

(എ) തിരുവിതാംകൂറിലും കൊച്ചിയിലുംകൂടി ആകെയുള്ള സ്കൂളുകൾ ൫൨൨൩.

അതിൽ തിരുവിതാംകൂറിൽ മാത്രമുള്ള പ്രൈമറി സ്കൂളുകൾ ൩൩൫൭. മിഡിൽസ്കൂളുകൾ ൭൫൮. ഹൈസ്കൂളുകൾ ൩൨൭.

(ബി) തിരുവിതാംകൂറിലെ മാനേജുമെൻറ് പ്രൈമറി സ്കൂളുകൾ ൨൩൨൨.

ടി	മിഡിൽ സ്കൂളുകൾ	൫൩൫.
ടി	ഹൈസ്കൂളുകൾ	൨൩൩.

ചേർത്തല താലൂക്കാശുപത്രി

൩൨. (൩) ശ്രീ. കൃഷ്ണനയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ചേർത്തല താലൂക്കാശുപത്രിയിൽ ൧൯൫൮, ൧൯൫൯ ഈ വർഷങ്ങളിൽ ചികിത്സിച്ചിട്ടുള്ള രോഗികളുടെ സംഖ്യ എത്ര; അതിൽ ഓരോ കൊല്ലത്തിലും കിടത്തി ചികിത്സിച്ചിട്ടുള്ളവർ എത്ര;

(ബി) ടി ആശുപത്രിയിൽ ഒരേ സമയത്ത് ആകെ എത്ര പുരുഷന്മാരെ കിടത്തി ചികിത്സിക്കാനുള്ള മുറികളും കിടക്കകളും ഉണ്ട്; എത്ര സ്ത്രീകളെ കിടത്തി ചികിത്സിക്കുവാനുള്ള സൌകര്യങ്ങളും ഉണ്ട്?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ൧൯൫൮–ൽ ൫൫൩൫ പേർ. ൧൯൫൯–ൽ ൫൫൭൩ പേർ, ൧൯൫൮–ൽ കിടത്തി ചികിത്സിച്ചിട്ടുള്ളവർ ൩൩൦. ൧൯൫൯–ൽ ൩൫൨.

(ബി) പുരുഷന്മാരെ കിടത്തി ചികിത്സിക്കുവാൻ നാല് മുറികളും പതിനെട്ട് കിടക്കകളും ഉണ്ട്. ഇതു കൂടാതെ പത്തു രോഗികളെ കിടത്തി ചികിത്സിക്കുവാൻ സൌകര്യമുള്ള ഒരു പുതിയ വാർഡ് എക്സ്സർവീസ്മെൻസ് ബെനിവൊളണ്ടുഫണ്ടിൽനിന്നും പണം ചിലവിട്ട് കെട്ടിയിട്ടുണ്ട്. സ്ത്രീകളെ കിടത്തി ചികിത്സിക്കുവാൻ നാല് മുറികളിൽ ൨൫ കിടക്കകളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly